പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 4033 21.10.2016-ലെ മറുപടിക്ക്

കെ.എസ്.ആർ.ടി.സി ഓപ്പറേറ്റിങ് സ്റ്റേഷൻ

ചോദ്യം

ഡോ. എൻ. ജയരാജ്
ശ്രീ. റോഷി അഗസ്റ്റിൻ
" മോൻസ് ജോസഫ്
" സി.എഫ്.തോമസ്

ഉത്തരം

ശ്രീ. എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നിലവിൽ കെ.എസ്.ആർ.ടി.സി ഓപ്പറേറ്റിങ് സ്റ്റേഷൻ പദവിയുള്ള എത്ര സ്റ്റേഷനുകളുണ്ട്; | (എ) | കെ.എസ്.ആർ.ടി.സി.യുടെ ആകെയുള്ള 93 യൂണിറ്റുകളിൽ 19 എണ്ണം ഓപ്പറേറ്റിംഗ് സെന്ററുകളായാണ് പ്രവർത്തിച്ച് വരുന്നത്. |
| (ബി) | പ്രവർത്തനം മെച്ചപ്പെടുത്താൻ പുതിയ ഓപ്പറേറ്റിങ് സ്റ്റേഷനുകൾ സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ, ആയത് സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡമെന്തെന്ന് വ്യക്തമാക്കുമോ; | (ബി) യും (സി) യും | കെ.എസ്.ആർ.ടി.സി.യുടെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ യാതൊരുവിധത്തിലുമുള്ള പുതിയ ബാദ്ധ്യതയും ഏറ്റെടുക്കുവാൻ നിർവ്വാഹമില്ലാത്തതിനാൽ പുതിയ ഓപ്പറേറ്റിംഗ് സെന്ററുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. ഒരു ഓപ്പറേറ്റിംഗ് സെന്റർ സ്ഥാപിക്കുന്നതിനുള്ള സ്ഥലം, കെട്ടിടം, മറ്റ് അനുബന്ധ സൗകര്യങ്ങൾ ഇവയെല്ലാം ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തോ നഗരസഭയോ ഒരുക്കി തന്നാലും തുടർ പ്രവർത്തന ചെലവുകൾക്ക് പ്രതിവർഷം ശരാശരി 50 ലക്ഷം രൂപയെങ്കിലും വേണ്ടി വരുമെന്നാണ് കെഎസ്.ആർ.ടി.സി കണക്കാക്കിയിരിക്കുന്നത്. |
| (സി) | പുതിയ ഓപ്പറേറ്റിങ് സ്റ്റേഷനുകൾ സ്ഥാപിക്കാനുദ്ദേശിക്കുന്നത് എവിടെയൊക്കെയെന്ന് വിശദമാക്കുമോ? | | |

സെക്ഷൻ ഓഫീസർ